## പതിമൂന്നാം കേരളനിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 1900** | **19.06.2012 ൽ മറുപടിയ്ക്ക്**

**സൂര്യജ്യോതി പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, റ്റി.എൻ. പ്രതാപൻ<br>,, വി.എ. മാധവൻ<br>,, എ.പി. അബ്ദുള്ളക്കുട്ടി | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) |

(എ) സൂര്യജ്യോതി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(എ) കേരളത്തിലെ 14 നഗരസഭകളിൽ മാതൃകാ സോളാർ തെരുവ് വിളക്കു സംവിധാനങ്ങൾ ഏർപ്പെടുത്തുക; മാതൃകാ പദ്ധതിയായി സർക്കാർ ഓഫീസുകളിൽ പകൽ സമയത്തെ വൈദ്യുത ഉപഭോഗത്തിനായി 10 കിലോ വാട്ട് സൗരോർജ്ജ വൈദ്യുത സംവിധാനം ഏർപ്പെടുത്തുക; വൈദ്യുതി എത്താത്ത മേഖലകളിലെ ഗൃഹവൈദ്യുതീകരണം നടത്തുക തുടങ്ങിയ പദ്ധതികളിലൂടെ പാരമ്പര്യേതര സൗരോർജ്ജ ഉപയോഗത്തിന്റെ വ്യാപനമാണ് സൂര്യജ്യോതി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം.

(ബി) ഏതെല്ലാം ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്;

(ബി) അനെർട്ട് നേരിട്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഏതെല്ലാം വിഭാഗക്കാർക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്;

(സി) എല്ലാ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

സെക്ഷൻഓഫീസർ